**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 129** **07-06-2021 - ൽ മറുപടിയ്ക്ക്**

**സൗജന്യ ഭക്ഷ്യകിറ്റ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **Shri G R Anil**<br>**(ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് മൂലം ഏർപ്പെടുത്തിയ ലോക്ഡൗൺ കാരണം ജീവിതം പ്രതിസന്ധിയിലായ സാധാരണക്കാർക്ക് ആശ്വാസം നൽകുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് എന്തെല്ലാം ഇടപെടലുകളാണ് നടത്തുന്നത്; | (എ) | കോവിഡ് മൂലം ഏർപ്പെടുത്തിയ ലോക്ഡൗൺ കാരണം ജീവിതം പ്രതിസന്ധിയിലായ സാധാരണക്കാർക്ക് താങ്ങായി സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം മെയ് മാസം 2021 ലും ആരംഭിച്ചിട്ടുണ്ട്. കൂടാതെ NPS, NPNS വിഭാഗങ്ങൾക്ക് 15 രൂപ നിരക്കിൽ സ്പെഷ്യൽ അരി മെയ്, ജൂൺ, ജൂലൈ മാസങ്ങളിലും വിതരണം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ ജനകീയ ഹോട്ടലിൽ നിശ്ചിത അളവിൽ അരി നൽകി വരുന്നുണ്ട്. റേഷൻ കടകളും, മാവേലി സ്റ്റോറുകളും സപ്ലൈകോ സൂപ്പർമാർക്കറ്റുകളും ഭക്ഷ്യധാന്യ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ലോക്ഡൗണിലും തുറന്നു പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) | ഇലക്ഷന് മുമ്പ് പ്രഖ്യാപിച്ച സൗജന്യ ഭക്ഷ്യകിറ്റ് വിതരണം എന്നുവരെ തുടരുവാനാണ് തീരുമാനിച്ചിട്ടുള്ളത്; | (ബി) | 2021 മെയ്, ജൂൺ മാസങ്ങളിൽ കൂടി ഭക്ഷ്യക്കിറ്റ് വിതരണം തുടരുവാൻ തീരുമാനിക്കുകയും വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സൗജന്യ ഭക്ഷ്യകിറ്റിൽ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (സി) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കർശനമായ ഗുണനിലവാര പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്. സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺ മാവേലി സാധനങ്ങൾക്കെല്ലാം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സപ്ലയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഈ സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉള്ളതാണെന്ന് ഉറപ്പ് വരുത്തിയ ശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ പരിശോധന സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ CFRD,RAL, മറ്റ് NABL |

| | | | |
|---|---|---|---|
| | | | Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/ HACCP/AGMARK/FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽ നിന്ന് ഏകദേശം 20- ഓളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് CFRD ൽ ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണസംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന വസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽ നിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തിരനടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സപ്ലൈയർക്കെതിരെ Barring from Supplies, Penalty അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചു വരുന്നു. കോവിഡ് കാലത്ത് സപ്ലൈകോ വഴി വിതരണം ചെയ്തുവരുന്ന ഭക്ഷ്യ കിറ്റിൽ ഉൾപ്പെട്ട സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുവാനും മേൽ പറഞ്ഞ സംവിധാനം തന്നെയാണ് ഉപയോഗപ്പെടുത്തുന്നത്. |
| (ഡി) | സൗജന്യ ഭക്ഷ്യകിറ്റ് വിതരണത്തിനായി കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | നിലവിൽ കേന്ദ്രം ഭക്ഷ്യക്കിറ്റ് വിതരണത്തിനായി ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| (ഇ) | സൗജന്യ ഭക്ഷ്യകിറ്റ് വിതരണത്തിനായി സംസ്ഥാന സർക്കാർ സിവിൽ സപ്ലൈസ് വകുപ്പിന് ഇതിനകം എത്ര തുകയാണ് നൽകിയത്? | (ഇ) | സർക്കാരിൽ നിന്നും സാമ്പത്തിക സഹായമായി നാളിതുവരെ ലഭിച്ച 4648.29 കോടി രൂപ പൊതുവിതരണ വകുപ്പ് മുഖേന സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ